"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ലാൻഡ് റവന്യൂ /റവന്യൂ റിക്കവറി പിരിവ് - പ്രത്യേക ഊർജ്ജിത പിരിവ് യത്നം 2024-25 മാർഗ്ഗനിർദ്ദേശങ്ങൾ പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.260/2024/RD തീയതി,തിരുവനന്തപുരം, 13-12-2024

---

പരാമർശം:-

1. 07.04.2008-ലെ സ.ഉ (എം.എസ്) നം.82/2008/റവന്യൂ നമ്പർ ഉത്തരവ്
2. 23.11.2017-ലെ സ.ഉ (എം.എസ്) നം.397/2017/റവന്യൂ നമ്പർ ഉത്തരവ്
3. 24.09.2018-ലെ സ.ഉ (എം.എസ്) നം.341/2018/റവന്യൂ നമ്പർ ഉത്തരവ്
4. 05.11.2019-ലെ സ.ഉ (എം.എസ്) നം.337/2019/റവന്യൂ നമ്പർ ഉത്തരവ്
5. 22.04.2022-ലെ സ.ഉ (എം.എസ്) നം.114/2022/റവന്യൂ നമ്പർ ഉത്തരവ്
6. 10.10.2022-ലെ സ.ഉ (എം.എസ്) നം.234/2022/റവന്യൂ നമ്പർ ഉത്തരവ്
7. 08.11.2023-ലെ സ.ഉ (എം.എസ്) നം.243/2023/റവന്യൂ നമ്പർ ഉത്തരവ്
8. 08.10.2024 ലെ എസ്.ആർ.ഒ 896/2024 നമ്പർ വിജ്ഞാപനം
9. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 13.11.2024ൽ ചേർന്ന യോഗ നടപടിക്കുറിപ്പ്.

2024-25 സാമ്പത്തിക വർഷത്തെ ലാൻഡ് റവന്യൂ /റവന്യൂ റിക്കവറി പിരിവ് ലക്ഷ്യം കൈവരിക്കുന്നതിനായി, 2024 ഡിസംബർ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവ് താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി "റവന്യൂ റിക്കവറി പ്രത്യേക ഊർജ്ജിത പിരിവ് യത്ന" കാലയളവായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. കോഴിക്കോട് ജില്ലയിലെ വിലങ്ങാട് ഉരുൾപ്പൊട്ടൽ ബാധിത പ്രദേശങ്ങൾ ,പരാമർശം (8) പ്രകാരം മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ള വയനാട് ജില്ലയിലെ വൈത്തിരി താലൂക്ക്, എന്നിവയെ ടി യത്നത്തിൽ നിന്നും ഒഴിവാക്കുന്നു.

1) പ്രസ്തുത കാലയളവിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ തങ്ങളുടെ ജില്ലയിലെ ലാൻഡ് റവന്യൂ/ റവന്യൂ റിക്കവറി സംബന്ധിച്ച് രണ്ട് ആഴ്ച കൂടുമ്പോൾ അവലോകനം നടത്തേണ്ടതും പിരിവ്

സംബന്ധിച്ച് മാസാടിസ്ഥാനത്തിൽ സർക്കാരിന് പുരോഗതി റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

2) 22/05/2017-ലെ റവ-എച്ച്3/16/2017-റവ നമ്പർ സർക്കുലർ പ്രകാരം പ്രതിമാസ ജില്ലാതല റവന്യൂ റിക്കവറി അവലോകന യോഗം കൃത്യമായി ചേരേണ്ടതാണെന്നും അതിൽ ജില്ലാ കളക്ടർ നിർബന്ധമായും നേരിട്ട് പങ്കെടുക്കണമെന്നും നിഷ്കർഷിക്കുന്നു.

3) റവന്യൂ റിക്കവറി കേസുകളിൽ സർക്കാർ നൽകിയ സ്റ്റേ ഉത്തരവിലേയും, ഗഡുക്കൾ അനുവദിച്ച കേസുകളിലെയും നിബന്ധനകൾ ലംഘിച്ചിട്ടുള്ള കേസുകൾ സംബന്ധിച്ച് യഥാസമയം സർക്കാരിനെ അറിയിക്കേണ്ടതും, സ്റ്റേ നീക്കിക്കിട്ടാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4) അപ്പലേറ്റ് അതോറിറ്റികൾ മുമ്പാകെ പരിഗണനയിലുള്ള കേസുകളിൽ യഥാസമയം തീർപ്പുകൽപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.

5) റവന്യൂ റിക്കവറി നടപടികളിന്മേലുള്ള കോടതി സ്റ്റേ ഒഴിവാക്കുന്നതിന് വേണ്ടി എല്ലാ ജില്ലാകളക്ടർമാരും അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) പ്രസ്തുത കാലയളവിൽ റവന്യൂ റിക്കവറി നടത്തിപ്പിന് ആവശ്യമായ വാഹന സൗകര്യമില്ലെങ്കിൽ 07/04/2008-ലെ സ.ഉ.(എം.എസ്) നം.82/08/റവ നമ്പർ സർക്കാർ ഉത്തരവിന് വിധേയമായി വാഹനങ്ങൾ ഏറ്റെടുക്കുന്നതിനും, മറ്റ് വകുപ്പുകളുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്നേഹലത കെ
ജോയിന്റ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ അർത്ഥനാധികാരികൾക്കും
സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ, തിരുവനന്തപുരം
എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Misha C P
സെക്ഷൻ ഓഫീസർ
Date: 13-12-2024 16:01:28

പകർപ്പ്:
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്
ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്